# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/64/2018 2018 മാർച്ച് 24

## പത്രക്കുറിപ്പ്

### സിൻഡിക്കേറ്റ് യോഗ തീരുമാനങ്ങൾ

(1) എം.ജി.യിൽ ഏപ്രിൽ 15 മുതൽ ഫയലിംഗ് സംവിധാനം ഡിജിറ്റലാകും

ഏപ്രിൽ 15 മുതൽ മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ഭരണനടപടികൾ ഡിജിറ്റൽ രീതിയിലേക്ക് മാറ്റുന്നതിന് സിൻഡിക്കേറ്റ് യോഗം തീരുമാനിച്ചു. ഭരണപരമായ തീരുമാനങ്ങളെടുക്കേണ്ട അപേക്ഷകൾ തപാലിൽ സ്വീകരിക്കുമ്പോൾത്തന്നെ സ്കാൻ ചെയ്ത് അതാത് സെക്ഷനിലേക്ക് ഓൺലൈനായി കൈമാറും. ഇതിലേക്കായി ക്ലൗഡ് കമ്പ്യൂട്ടിംഗ് ആണ് ഉപയോഗിക്കുക. 200 കമ്പ്യൂട്ടറുകൾ ഇതിനായി സ്ഥാപിച്ചുകഴിഞ്ഞു. നെറ്റ്വർക്കിംഗ് സംവിധാനം ഒരാഴ്ചയ്ക്കുള്ളിൽ പൂർത്തിയാക്കും. എല്ലാ ജീവനക്കാർക്കും ഈ പുതിയ സംവിധാനത്തിൽ പരിശീലനം നൽകും. ആദ്യഘട്ടത്തിൽ 100 മാസ്റ്റർ ട്രെയിനർമാരെ പരിശീലിപ്പിക്കും.

അത്യാധുനിക ഡിജിറ്റൽ ഡോക്യുമെന്റ് ഫയലിംഗ് സിസ്റ്റം (ഡി.ഡി.എഫ്.എസ്.) എന്ന സോഫ്റ്റ്വെയർ സംവിധാനമാണ് ഈ പദ്ധതിയ്ക്കായി ഉപയോഗിക്കുന്നത്. സിൻഡിക്കേറ്റ് തീരുമാനങ്ങൾ ഉൾപ്പെടെ എല്ലാ നടപടികളും ഡി.ഡി.എഫ്.എസിന്റെ പരിധിയിൽ വരും. ഫയൽ നീക്കം കടലാസ് രഹിത സംവിധാനത്തിലാക്കിക്കൊണ്ട് ഇ-ഗവേഷണൻസ് നടപ്പാക്കുന്നതിന്റെ ഭാഗമായാണിത്. ഇത് നിലവിൽ വരുന്നതോടെ ഭരണസംവിധാനത്തിന്റെ ഭാഗമായുള്ള ഫയൽ നടപടികൾ കമ്പ്യൂട്ടർ അധിഷ്ഠിതവും വേഗതയേറിയതും സുതാര്യവും കാര്യക്ഷമവുമായി മാറും. ഇ-ഗവേണൻസ് നടപ്പാക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ എല്ലാ സർവ്വകലാശാലകളും ഭരണനടപടികൾ കമ്പ്യൂട്ടർവൽക്കരിക്കുന്നതിനോടനുബന്ധിച്ചാണ് ഈ പദ്ധതി എം.ജി.യിൽ നടപ്പാക്കുന്നത്. ഇതു കൂടാതെ സർവ്വകലാശാലാ കാമ്പസ് സമ്പൂർണ്ണ വൈഫൈ കാമ്പസായി മാറ്റാനുള്ള സംവിധാനങ്ങളും ഇതോടൊപ്പം പൂർത്തിയാക്കും. സർവ്വകലാശാലകളിൽ ഇ-ഗവേണൻസ് നടപ്പാക്കുന്നതോടെ വിവിധ തട്ടുകളിൽ ഫയൽ നീക്കം നിരീക്ഷിക്കുന്നതിനും തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പാക്കുന്നതിനും സാധിക്കും. ഇതിനായുള്ള സാങ്കേതിക സംവിധാനങ്ങൾ കെൽട്രോൺ കമ്പനിയാണ് ഒരുക്കുന്നത്. പരീക്ഷ ഒഴികെയുള്ള വിഭാഗങ്ങളിലാണ് ആദ്യഘട്ടത്തിൽ ഈ പദ്ധതി നടപ്പിലാക്കുന്നത്.

(2) സർവ്വകലാശാലയിൽ ബഞ്ചമിൻ ബെയ്ലി പഠനപീഠം സ്ഥാപിക്കുന്നതിന് സിൻഡിക്കേറ്റ് തീരുമാനിച്ചു.

(3) സർട്ടിഫിക്കറ്റ്/ഡിപ്ലോമ തലങ്ങളിൽ ഹ്രസ്വകാല കോഴ്സുകൾ ആരംഭിക്കുന്നതിനുള്ള ഡയറക്ടറേറ്റ് രൂപീകരിക്കുന്നതിനും പ്രസ്തുത ഡയറക്ടറേറ്റിന്റെ ചുമതല ഡോ. റോബിനറ്റ് ജേക്കബിന് നൽകുന്നതിനും തീരുമാനിച്ചു.

(4) എറണാകുളം സെന്റ് ആൽബർട്ട്സ് കോളേജിലെ ബിരുദവിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം നിഷേധിച്ചെന്ന പരാതിയിന്മേൽ സിൻഡിക്കേറ്റിന്റെ അന്വേഷണ സമിതി സമർപ്പിച്ച റിപ്പോർട്ടും ശുപാർശകളും അംഗീകരിച്ചു. വാണിജ്യ ആവശ്യങ്ങൾക്കായി നൽകിയിരിക്കുന്ന ഹോസ്റ്റൽ മുറികൾ ഒഴിപ്പിച്ച് ഡിഗ്രി വിദ്യാർത്ഥികൾക്ക് മെറിറ്റ്/സംവരണ മാനദണ്ഡങ്ങൾ അനുസരിച്ച് ഹോസ്റ്റൽ മുറികൾ അനുവദിക്കുന്നതിന് വേണ്ട നടപടികൾ കൈക്കൊള്ളാൻ പ്രിൻസിപ്പലിന് നിർദ്ദേശം നൽകുന്നതിനും, കോളേജിന്റെ വിദ്യാർത്ഥി വിരുദ്ധ നടപടികൾ യു.ജി.സി.ക്കും ഓട്ടോണമി കമ്മിറ്റിക്കും റിപ്പോർട്ട് ചെയ്യുന്നതിനും അന്വേഷണ സമിതി ശുപാർശ ചെയ്തു.

(5) 29 പേർക്ക് പി.എച്ച്.ഡി. നൽകുന്നതിന് സിൻഡിക്കേറ്റ് തീരുമാനമെടുത്തു.

വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു.

## എം.ജി. പഠനവകുപ്പുകളിൽ പി.ജി. പ്രവേശന പരീക്ഷ ഓൺലൈൻ രജിസ്ട്രേഷൻ

മഹാത്മാഗാന്ധി സർവ്വകലാശാലയിലെ വിവിധ പഠനവകുപ്പുകളിലെ പി.ജി. പ്രവേശനത്തിനായി നടത്തുന്ന പരീക്ഷയ്ക്കുള്ള (ക്യാറ്റ്) ഓൺലൈൻ രജിസ്ട്രേഷൻ മാർച്ച് 31 വരെ നടത്താവുന്നതാണ്. സർവ്വകലാശാലാ പഠനവകുപ്പുകളിലെ വിവിധ എം.എ./എം.എസ്.സി./എൽ.എൽ.എം./എം.ടി.ടി.എം./എം.എഡ്. എന്നീ പ്രോഗ്രാമുകൾക്കാണ് പ്രവേശന പരീക്ഷ നടത്തുന്നത്. അവസാനവർഷ പരീക്ഷാഫലം കാത്തുനിൽക്കുന്നവർക്കും അപേക്ഷിക്കാം. ഓൺലൈനായാണ് അപേക്ഷയും ഫീസും സമർപ്പിക്കേണ്ടത്. www.cat.mgu.ac.in എന്ന വെബ്സൈറ്റിൽ ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള സൗകര്യം ലഭ്യമാണ്. പ്രവേശന പരീക്ഷയ്ക്ക് തിരുവനന്തപുരം, കോട്ടയം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പരീക്ഷാ കേന്ദ്രങ്ങൾ ഉണ്ടായിരിക്കും. പ്രവേശന പ്രക്രിയ, യോഗ്യത, പഠനവകുപ്പുകൾ, പി.ജി. പ്രോഗ്രാമുകൾ, പരീക്ഷാ ഘടന, സിലബസ് തുടങ്ങിയ വിവരങ്ങൾക്ക് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള വിജ്ഞാപനവും പ്രോസ്പെക്ടസും കാണുക. ഡെബിറ്റ് കാർഡ്, എ.ടി.എം., ഇന്റർനെറ്റ് ബാങ്കിംഗ് എന്നിവയിലേതെങ്കിലും ഉപയോഗിച്ച് ഫീസടയ്ക്കാം. ഈ സൗകര്യങ്ങൾ ഇല്ലാത്ത അപേക്ഷകർക്ക് സംസ്ഥാനത്തെ അക്ഷയ കേന്ദ്രങ്ങളിലും ഫീസടയ്ക്കാവുന്നതാണ്. എം.എസ്.സി. സൈക്കോളജി പ്രോഗ്രാമിന്റെ പ്രവേശന യോഗ്യതയിൽ മാറ്റം വരുത്തിയിട്ടുള്ളതാണ്. എം.എഡ്. പ്രോഗ്രാമുകളിലേക്കുള്ള അപേക്ഷകർ അപേക്ഷയുടെ ഹാർഡ് കോപ്പിയും സാക്ഷ്യപ്പെടുത്തിയ അനുബന്ധ രേഖകളും സ്കൂൾ ഓഫ് പെഡഗോഗിക്കൽ സയൻസസ് ഡയറക്ടർക്ക് നിശ്ചിത തീയതിയ്ക്കുള്ളിൽ അയച്ചു നൽകേണ്ടതാണ്. വിശദവിവരങ്ങൾക്ക് ഇമെയിൽ: catcellmguniversity@gmail.com, ഫോൺ: 9447484980.

## ബി.ടെക്/ബി.ആർക് അപേക്ഷകൾ

ബി.ടെക്/ബി.ആർക് ഒന്നും രണ്ടും, നാല്, ആറ്, ഏഴ്, എട്ട് എന്നീ സെമസ്റ്ററുകളിലെ പരീക്ഷകൾ മെയ്, ജൂൺ മാസങ്ങളിൽ നടത്തും. ഇതോടൊപ്പം 2002 മുതൽ 2009 വരെ അഡ്മിഷൻ വിദ്യാർത്ഥികൾക്കും 1997 മുതൽ 2001 സ്കീമിലുള്ള വിദ്യാർത്ഥികളുടെ സമാന പേപ്പറുകൾക്കുമുള്ള മേഴ്സി ചാൻസ് പരീക്ഷകളും നടത്തും. അപേക്ഷകൾ പിഴയില്ലാതെ ഏപ്രിൽ 12 വരെയും 50 രൂപ പിഴയോടെ 13 വരെയും 500 രൂപ സൂപ്പർഫൈനോടെ 17 വരെയും സ്വീകരിക്കും. റഗുലർ വിദ്യാർത്ഥികൾ സെമസ്റ്റർ ഒന്നിന് 200 രൂപ വീതവും വീണ്ടുമെഴുതുന്നവർ പേപ്പറൊന്നിന് 50 രൂപ വീതവും (പരമാവധി 200 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാ ഫീസിനു പുറമെ അടയ്ക്കണം. എട്ടാം സെമസ്റ്റർ റഗുലർ ബി.ടെക് വിദ്യാർത്ഥികൾ 100 രൂപ പ്രൊവിഷണൽ ഡിഗ്രി സർട്ടിഫിക്കറ്റ് ഫീസായി അടയ്ക്കണം. മേഴ്സി ചാൻസിന് ആദ്യമായി അപേക്ഷിക്കുന്നവർ (2009 അഡ്മിഷൻ) 5000 രൂപയും രണ്ടാമതും അപേക്ഷിക്കുന്നവർ (2008 അഡ്മിഷൻ) 7000 രൂപയും അവസാന മേഴ്സി ചാൻസ് അപേക്ഷകർ (2002 – 2007 അഡ്മിഷൻ & 1997 – 2001 അഡ്മിഷൻ) 10000 രൂപയും സ്പെഷ്യൽ ഫീസും അടയ്ക്കണം. വിശദവിവരങ്ങൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

## പരീക്ഷാ തീയതി

ആറാം സെമസ്റ്റർ യു.ജി. (സി.ബി.സി.എസ്.എസ്. 2016 അഡ്മിഷൻ റഗുലർ/2013–2015 അഡ്മിഷൻ റീഅപ്പിയറൻസ്) പരീക്ഷയിൽ ബി.എ. ഇക്കണോമിക്സ് കോഴ്സിന്റെ കോംപ്ലിമെന്ററി പേപ്പർ മാത്തമാറ്റിക്സ് ഫോർ ഇക്കണോമിക്സ് അനാലിസിസ് പരീക്ഷ ഏപ്രിൽ 16നും ബി.എസ്.സി. മൈക്രോബയോളജി കോഴ്സിന്റെ ചോയ്സ് ബേസ്ഡ് കോഴ്സ് മൈക്രോ ബയോ പ്രോസസ്സ് പരീക്ഷ ഏപ്രിൽ 4നും നടത്തുന്നതാണ്.

## സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ അംബേദ്കർ സ്മാരക പ്രഭാഷണം നാളെ (മാർച്ച് 26)

മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിൽ ഈ വർഷത്തെ ഡോ. അംബേദ്കർ സ്മാരക പ്രഭാഷണം നാളെ (മാർച്ച് 26) രാവിലെ 11.30ന് നാഷണൽ യൂണിവേഴ്സിറ്റി ഫോർ അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് വൈസ് ചാൻസലർ ഡോ. റോസ് വർഗീസ് നടത്തും. എം.ജി. വൈസ് ചാൻസലർ ഡോ. ബാബു സെബാസ്റ്റ്യൻ അദ്ധ്യക്ഷത വഹിക്കുന്ന ചടങ്ങിൽ സിൻഡിക്കേറ്റംഗം അഡ്വ. പി.കെ. ഹരികുമാർ, കോട്ടയം ബാർ അസോസിയേഷൻ പ്രസിഡന്റ് അഡ്വ. അജയൻ, വകുപ്പദ്ധ്യക്ഷൻ സുനിൽ കുമാർ സിറിയക്, ഡോ. രജീഷ് എ.പി., ജിൻസു റെയ്ച്ചു സാജൻ എന്നിവർ സംസാരിക്കും.

## സ്വാശ്രയ കോളേജ് അദ്ധ്യാപക യോഗം

ഏപ്രിൽ 20ന് ആരംഭിക്കുന്ന കേന്ദ്രീകൃത മൂല്യനിർണ്ണയ ക്യാമ്പ് സംബന്ധിച്ച വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഇടുക്കി, കോട്ടയം ജില്ലകളിലെ എല്ലാ സ്വാശ്രയ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെയും അദ്ധ്യാപകരുടെ യോഗം മാർച്ച് 27നും എറണാകുളം പത്തനംതിട്ട ജില്ലകളിലെ സ്വാശ്രയ കോളേജ് അദ്ധ്യാപകരുടെ യോഗം 28നും സർവ്വകലാശാലാ അസംബ്ലി ഹാളിൽവച്ച് രാവിലെ 10.30ന് നടത്തുന്നതാണ്. ബന്ധപ്പെട്ട എല്ലാ അദ്ധ്യാപകരും യോഗത്തിൽ പങ്കെടുക്കേണ്ടതാണ്.

**<u>ആംഗ്യഭാഷാപഠനം ദേശീയോദ്ഗ്രഥനത്തിന് കരുത്തേകും - ജസ്റ്റിസ് ബി. കെമാൽപാഷ</u>**

ആംഗ്യഭാഷാ (സൈൻ ലാംഗ്വേജ്) പഠനം ദേശീയോദ്ഗ്രഥനത്തിന് കരുത്തേകുമെന്ന് ജസ്റ്റിസ് ബി. കെമാൽപാഷ പറഞ്ഞു. മഹാത്മാഗാന്ധി സർവ്വകലാശാലയിലെ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ ഡിപ്പാർട്ട്മെന്റ് ഓഫ് ഇന്ത്യൻ സൈൻ ലാംഗ്വേജിന്റെ ആഭിമുഖ്യത്തിൽ നടന്ന ദ്വിദിന ദേശീയ ആംഗ്യഭാഷാ സമ്മേളനത്തിൽ സമാപന പ്രസംഗം നടത്തുകയായിരുന്നു അദ്ദേഹം. ശ്രവണശേഷിയില്ലാത്തവർ സമൂഹത്തിന്റെ ഭാഗമാണെന്നും അവരുമായി ഫലവത്തായി ആശയവിനിമയം നടത്താൻ ആംഗ്യഭാഷാപഠനം ഏറെ സഹായിക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഡോ. കെ.എം. മുസ്തഫ, അനഘ എം.എം. എന്നിവർ എഴുതിയ 'സൈൻ ലാംഗ്വേജ്: കണക്റ്റിംഗ് മൈന്റ്സ്' എന്ന പുസ്തകം ജസ്റ്റിസ് കെമാൽപാഷ പ്രകാശനം ചെയ്തു. സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസ് ഡയറക്ടർ ഡോ. പി.എസ്. സുകുമാരൻ, ഡോ. രാജീവ് കുമാർ, മോണിക്ക പഞ്ചാബി വർമ്മ, ഡോ. കെ.എം. മുസ്തഫ, ഗീതാ ഗോപാലകൃഷ്ണൻ, അനഘ എം.എം., അയ്ബി എന്നിവർ സംസാരിച്ചു.

**അടിക്കുറിപ്പ്**

**മഹാത്മാഗാന്ധി സർവ്വകലാശാലാ സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിൽ ഡിപ്പാർട്ട്മെന്റ് ഓഫ് ഇന്ത്യൻ സൈൻ ലാംഗ്വേജിന്റെ ആഭിമുഖ്യത്തിൽ നടന്ന ദ്വിദിന ദേശീയ ആംഗ്യഭാഷാ സമ്മേളനത്തിൽ ജസ്റ്റിസ് കെമാൽ പാഷ പുസ്തകപ്രകാശനം നിർവ്വഹിക്കുന്നു**

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**